# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 679 — 11-06-2014-ൽ മറുപടിയ്ക്ക്

## വർഷകാല പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ് | ശ്രീ.വി.എസ്.ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) വർഷകാല പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (എ) ഈ വർഷത്തേയ്ക്കുള്ള പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പരിപാടി (ആക്ഷൻ പ്ലാൻ) പ്രാദേശിക പ്രശ്നങ്ങൾക്കും പ്രത്യേകതകൾക്കും യോജിച്ച രീതിയിൽ പ്രവർത്തന കലണ്ടറോടെ തയ്യാറാക്കി അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ജനുവരി മുതൽ ചിട്ടയായി നടന്നു വരുന്നു. പ്രവർത്തന പുരോഗതി വിലയിരുത്താനും ഇതര വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും താഴെതട്ടിലും ജന പ്രതിനിധി കളുടെ നേതൃത്വത്തിൽ സമയ ബന്ധിതമായി യോഗങ്ങൾ വിളിച്ച് കൂട്ടി. മഴക്കാല പൂർവ്വ ശുചീകരണം, കൊതുക് ഉറവിട നശീകരണ കാമ്പെയിനുകൾ, ജല ശുദ്ധീകരണ കാമ്പെയ്ൻ തുടങ്ങിയവ നടപ്പിലാക്കി. ഐ.ഡി.എസ്.പി. വഴി പ്രതിദിന പ്രതിവാര രോഗ നിരീക്ഷണം നടത്തുന്നതു വഴി ഏതെങ്കിലും സ്ഥലത്ത് രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാധ്യത |

[മറുപുറം]

മുൻകൂട്ടി കണ്ടു പിടിച്ച് അത് നിയന്ത്രണ വിധേയമാക്കാൻ സാധിക്കുന്നു. കൊതുക് നിരീക്ഷണവും ശുചിത്വ നിരീക്ഷണവും ഇതോടൊപ്പം കാര്യക്ഷമമാക്കി. മരുന്ന്, കൊതുക് നശീകരണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ, മറ്റ് അനുബന്ധ സാമഗ്രികൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കി. വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതികൾക്കുൾപ്പെടെ ആവശ്യമായ ഫണ്ട് ആരോഗ്യ വകുപ്പ്, എൻ.ആർ. എച്ച്.എം. എന്നിവ വഴി ലഭ്യമാക്കി.

| | |
|---|---|
| (ബി) വർഷകാല രോഗങ്ങളും പകർച്ച വ്യാധികളും മുന്നിൽകണ്ട് സർക്കാർ ആശുപത്രികളിൽ ഔഷധങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ? | (ബി) വർഷകാല രോഗങ്ങളും പകർച്ച വ്യാധികളും മുന്നിൽകണ്ട് സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലും ആവശ്യ മരുന്നുകൾ എത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ